പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2136** 18.03.2015 ൽ മറുപടിക്ക്

റെയിൽവേ വികസനത്തിന് ബജറ്റ് വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.ദിവാകരൻ : | | ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം, പ്രമുഖ റെയിൽവേ സ്റ്റേഷനുകളുടെ വികസനം എന്നിവയ്ക്ക് 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ എത്ര തുകയാണ് ചെലവഴിച്ചത്? | (എ) | കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രത്തിന് 5 കോടി രൂപയും പ്രമുഖ റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിന് 10 കോടി രൂപയുമായിരുന്നു 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിനനൻസ് കേന്ദ്രം പദ്ധതി സംബന്ധിച്ച് റെയിൽവേയിൽ നിന്നും നിർദ്ദേശം ആവശ്യപ്പെട്ടുവെങ്കിലും തുടർ നടപടികളൊന്നുമുണ്ടായിട്ടില്ല. കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം നോർത്ത്, സൗത്ത്, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367/- രൂപ റെയിൽവേക്ക് 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ